# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ഇ കെ എം. (പി4)-1206/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/12/2025
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ഇ കെ എം. (പി4)-1206/25 തീയ്യതി: 11/12/2025

# എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ

വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു പി കെ | ഡെപ്യൂട്ടി ഡയറക്ടർ | 17-10-2025 | 25-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-10-2025 | 25-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പോളി ടി.ഒ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)
ശ്രീ രാമകൃഷ്ണൻ കെ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രസാദ് പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അനുരൂപ ടി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോമോൻ പി.യു. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. കവിത ആർ നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 29-04-2024 |
| ശ്രീ മണികണ്ഠൻ സി | സെക്രട്ടറി | 30-04-2024 | 31-08-2024 |
| ശ്രീ അജിത്ത് കുമാർ വി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2024 | 02-10-2024 |
| ശ്രീമതി സന്ധ്യ കെ എൻ | സെക്രട്ടറി | 03-10-2024 | 25-12-2025 |
| ശ്രീ അജിത്ത് കുമാർ വി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-12-2024 | 02-01-2025 |
| ശ്രീമതി സന്ധ്യ കെ എൻ | സെക്രട്ടറി | 03-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നിഷ പി.എസ്. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.ശരത് ബി ജോഷി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ.ജെബി കെ. | വെറ്ററിനറി സർജൻ | 01-04-2024 | 02-04-2024 |
| ശ്രീമതി സ്മിത പി കെ | വെറ്ററിനറി സർജൻ | 03-04-2024 | 30-06-2024 |
| ഡോ.ജെബി കെ. | വെറ്ററിനറി സർജൻ | 01-07-2024 | 06-10-2024 |
| ശ്രീമതി സ്മിത പി കെ | വെറ്ററിനറി സർജൻ | 07-10-2024 | 31-03-2025 |
| ശ്രീ.പ്രശാന്ത് ഇ.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.അനിത എം.ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 25-08-2024 |
| ശ്രീമതി വിനിത ഒ വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 26-08-2024 | 31-03-2025 |
| ഡോ.ഡയാനാമോൾ പി.വി. | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2024 | 27-10-2024 |
| ഡോ. ജോർജ്ജ് വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ -ഹോമിയോ | 28-10-2024 | 31-03-2025 |
| ഡോ.മഞ്ചു ജോൺ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.മാത്യൂസ് നുംബേലി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2024 | 31-03-2025 |
| ശ്രീമതി ദിവ്യ കെ പി | വി.ഇ.ഒ.അയ്യമ്പുഴ | 01-04-2024 | 06-09-2024 |
| ശ്രീമതി സ്മിത കെ ശശീന്ദ്രൻ | വി.ഇ.ഒ.അയ്യമ്പുഴ | 07-09-2024 | 24-09-2024 |
| ശ്രീമതി രശ്മി കെ പിള്ള | വി.ഇ.ഒ.അയ്യമ്പുഴ | 25-09-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. വിഷ്ണു കെ.എച്ച് | വി.ഇ.ഒ. ചുള്ളി | 01-04-2024 | 09-08-2024 |
| ശ്രീമതി ദിവ്യ കെ പി | വി.ഇ.ഒ. ചുള്ളി | 10-08-2024 | 04-10-2025 |
| ശ്രീ. വിഷ്ണു കെ.എച്ച് | വി.ഇ.ഒ. ചുള്ളി | 05-10-2024 | 31-03-2025 |
| ശ്രീമതി. ലാലി ടി.ജെ | ഹെഡ്മിസ്ട്രസ് ജി എൽ പി എസ് ചുള്ളി | 01-04-2024 | 31-03-2025 |

# <u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്ററിലെ ന്യൂനത. | 1-1-2 |
| 4 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ഹെൽത്ത് ഗ്രാന്റ് തുകകൾ അക്കൗണ്ട് മാറി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പെൻഷൻ | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | നികുതി കുടിശ്ശിക 6,10,699/- രൂപ പിരിച്ചെടുക്കുന്നതിനുള്ള നടപടി ഊർജ്ജിതമാക്കണം | 1-10 |
| 15 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-11 |
| 16 | അമൃതം THRS- വാങ്ങൽ , ബില്ലുകളിൽ നിന്ന് ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-12 |

| | | |
|---|---|---|
| 17 | ജലസേചന പമ്പ് സെറ്റ് വിതരണം ബില്ലുകളിൽ നിന്ന് ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-13 |
| 18 | പ്ലാൻ ഫണ്ടുകൾ സമയ ബന്ധിതമായി ചെലവവഴിച്ചില്ല ₹10681146/- രൂപ നഷ്ടമായി | 1-14 |
| 19 | വയോജനങ്ങൾക്ക് കട്ടിൽ - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകങ്ങൾ | 1-15 |
| 20 | ലൈഫ് ഭവന നിർമ്മാണം-സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. | 1-16 |
| 21 | ഡൈനിംഗ് ഹാൾ പൂർത്തികരണം - ഗവ. സ്കൂൾ ചുള്ളി – പ്രവൃത്തി നിരക്ക് നൽകിയതിലെ അപാകത | 1-17 |
| 22 | MCF ൽ കുഴൽക്കിണർ നിർമ്മാണം-ഡെപ്പോസിറ്റ് ചെയ്ത തുകയുടെ ബാലൻസ് തിരികെ ലഭിച്ചില്ല. | 1-18 |
| 23 | വിവിധ വാർഡുകളിലെ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കൽ-ചെലവുതുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-19 |
| 24 | അയ്യങ്കാളി സാംസ്കാരിക നിലയം വാട്ടർ കണക്ഷൻ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-20 |
| 25 | കുടിവെള്ളക്കരം വലിയ കുടിശ്ശിക നിലനിൽക്കുന്നു. | 1-21 |
| 26 | ഹെൽത്ത് ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും | 1-22 |
| 27 | ജൽ ജീവൻ പദ്ധതി - അവലോകനം. | 1-23 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ. | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **02.07.2025** ലെ **2(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **26.07.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025** ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ

ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : എറണാകുളം**
**തീയതി: 11.12.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

## <u>1-1-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.</u>

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 24-25 കാലയളവിലെ "Net Increase / Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹6471345/- ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹5742624/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(A) - Accumulated Depreciation, B-11(E) Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല

## 1-1-4 ഹെൽത്ത് ഗ്രാന്റ് തുകകൾ അക്കൗണ്ട് മാറി രേഖപ്പെടുത്തിയിരിക്കുന്നു

സബ്സെന്റർ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഗ്രാന്റ് ₹27,75,000/- 320100203- Grants For Specific Purposes- Health Grant Towards Buildingless Subcentres, PHC, FHC എന്ന ഹെഡിൽ ബുക്ക് ചെയ്യേണ്ടതിനു പകരം 320100204 എന്ന ഹെഡിലാണ് കണക്കിലെടുത്തത്. അതുപോലെ തിരിച്ചും സംഭവിച്ചിട്ടുണ്ട്. ഇക്കാരണത്താൽ അതത് ഹെഡുകളിലെ നീക്കിയിരിപ്പും,

യഥാർത്ഥ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. ആയത് ശരിയായി ക്രമീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

09.02.2024 തീയതിയിലെ തീരുമാനം 1(1) പ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 11.02.2025 ലെ 10(1) നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|---|
| 1 | മുന്നിരിപ്പ് | 2192503.00 | 2192503.00 |
| 2 | വരവ് | 256313080.00 | 285461619.00 |
| 3 | ആകെ | 258505583.00 | 287654122.00 |
| 4 | ചെലവ് | 256671000.00 | 286048649.00 |
| 5 | നീക്കിയിരുപ്പ് | 1834583.00 | 1605473.00 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16365402.00 |
| വരവ് | 43274146.00 |
| | |

| | |
|---|---|
| ആകെ | 59639548.00 |
| ചെലവ് | 36802801.00 |
| നീക്കിയിരിപ്പ് | 22836747.00 |

വരവ്-ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | വരവ് (അലോട്ട്മെന്റ്) (₹) | ആകെ (₹) | ചെലവ് (₹) | ലാപ്സായ തുക (₹) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 18824000- 188240= 18635760 | 18635760 | 17189030 | 1446730 | 0 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 4429000 | 4429000 | 3217706 | 1211294 | 0 |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 21000 | 21000 | 16134 | 4866 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 34139000 | 34139000 | 26812096 | 7326904 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 4660000 | 4660000 | 3968648 | 691352 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക് | 21,73,520 | 3542436 | 5715956 | 2539230 | 0 | 3176726 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക് (Treasury) | 0 | 6374 | 6374 | 0 | 6374 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് (Treasury) | 0 | 53222 | 53222 | 0 | 53222 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട് | 46,84,217 | 7246000 | 11930217 | 4056416 | 0 | 7873801 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100198-ശുചിത്വമിഷൻ ഗ്രാന്റ് | 32,500 | 384000 | 416,500 | 384000 | 0 | 32500 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അങ്കണവാടി പൂരക പോഷകാഹാരം-320100125 | 13,26,446 | 964306 | 2290752 | 790865 | 0 | 1499887 |
| 320100160-സമ്പൂർണ്ണ ഗ്രാമീണ ഭവനം | 15,31,435 | 3507939 | 5039374 | 2678246 | 0 | 2361128 |
| 320100202-ആരോഗ്യ ഗ്രാന്റ്-ലാബ് പരിശോധനാ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ | 1,63,695 | 290634 | 454329 | 153441 | 0 | 300888 |
| 320100203-ആരോഗ്യ ഗ്രാന്റ്-സബ്സെന്ററുകളുടെ നിർമ്മാണം | 1,89,531 | 483953 | 673484 | 183962 | 0 | 489522 |

| | | | | | | |
|---|---|---|---|---|---|---|
| 320100204-ആരോഗ്യ ഗ്രാന്റ്- സബ്സെന്ററുകളെ ആരോഗ്യ ക്ഷേമ കേന്ദ്രങ്ങളാക്കൽ | 28,05,500 | 95097 | 2900597 | 0 | 0 | 2900597 |
| 320200399-മറ്റ് സർക്കാർ ഗ്രാന്റുകൾ | 3,42,697 | 13845 | 356542 | 0 | 0 | 356542 |
| 320300199-മറ്റു ഗ്രാന്റുകൾ | 2,13,315 | 0 | 2,13,315 | 0 | 0 | 2,13,315 |
| 320600101-മറ്റു മൂലധന വരവുകൾ | 2,37,219 | 9583 | 246802 | 0 | 0 | 246802 |
| 320400199 Grant Fund & Contribution For Specific Purposes- Other Financial Institutions | 63923 | 0 | 63923 | 0 | 0 | 63923 |
| 320100192 Flood Relief Grant | 0 | 100000 | 100000 | 0 | 0 | 100000 |
| 320100181 Total Sanitation Campaign | 913051 | 0 | 913051 | 0 | 0 | 913051 |
| 320100195 Grant Funds For Pandemic Control | 69589 | 0 | 69589 | 0 | 0 | 69589 |
| 320500101 Grant Fund & Contribution For Specific Purposes- Welfare Bodies Capital | 0 | 1750752 | 1750752 | 1549963 | 0 | 200789 |

*കുറിപ്പ്: -*

. വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹19,24,669/- ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്തരവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹2,49,979/- ഉൾപ്പെടുന്നുണ്ട്.

വികസന ഫണ്ട് – ടി.എസ്.പി ഉത്തരവത്തിൽ കുറവ് ചെയ്ത് ജി. ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹1,L490/- ഉൾപ്പെടുന്നുണ്ട്.

വികസന ഫണ്ട് ജനറൽ ആകെ അലോട്ട്മെന്റ് ₹1,88,24,000/- യാണ്, തനത് നികുതി വരുമാനം 90 % ത്തിൽ കുറവ് ആയതിനാൽ വികസന ഫണ്ട് ജനറൽ മൂന്നാം ഗഡുവിൽനിന്നും ഒരു ശതമാനം ₹1,88,240/- സ്രോതസ്സിൽനിന്നും കുറവ് ചെയ്തിട്ടുണ്ട്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 157410317 | 119 | 74509095 | 48 | 51 | 54.58 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 116.00 | 1596480.00 | 1596596.00 | 1596466.00 | 130.00 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 40839419.00 | 40839419.00 | 40839419.00 | 0 |
| ആകെ | 116.00 | 42435899.00 | 42436015.00 | 42435885.00 | 130.00 |

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹23,58,800 | 143 |
| വിധവാപെൻഷൻ | ₹84,11,000 | 552 |
| വാർദ്ധക്യകാല പെൻഷൻ | ₹2,77,95,300 | 2012 |
| വികലാംഗപെൻഷൻ | ₹30,41,000 | 278 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹3,74,000 | 24 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2025 തീയതിയിൽ ഉച്ചയ്ക്ക് 2.45 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹170 ന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല.**

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പ്ലാൻ ഫണ്ടുകൾ ലാപ്സാകുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

**<u>ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.</u>**

ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ആഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 നികുതി കുടിശ്ശിക 6,10,699/- രൂപ പിരിച്ചെടുക്കുന്നതിനുള്ള നടപടി ഊർജ്ജിതമാക്കണം

2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വരവിനങ്ങളിൽ നടത്തിയ പരിശോധനയിൽ അയ്യമ്പുഴ പഞ്ചായത്ത് സമർപ്പിച്ച തൻവർഷ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിലെ ബി15 ഷെഡ്യൂളിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ പിരിച്ചെടുക്കാനുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | വസ്തു നികുതി-റെസിഡൻഷ്യൽ(തൻ വർഷം) | 1,23,030.00 |
| 2 | വസ്തു നികുതി-റെസിഡൻഷ്യൽ(കുടിശ്ശിക) | 28,673.00 |
| 3 | വസ്തു നികുതി-നോൺ റെസിഡൻഷ്യൽ(തൻ വർഷം) | 4,03,512.00 |
| 4 | വസ്തു നികുതി-നോൺറെസിഡൻഷ്യൽ(കുടിശ്ശിക) | 48,384.00 |
| 5 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി(തൻ വർഷം) | 5,750.00 |
| 6 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി(കുടിശ്ശിക) | 1,350.00 |
| | ആകെ | 6,10,699.00 |

മേൽ കുടിശ്ശിക തുകകൾ പിരിച്ചടുത്തിട്ടുണ്ടോയെന്നും, ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്(10/23.10.2025) മറുപടി ലഭ്യമാക്കിയില്ല.

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്, സ.ഉ.(സാധാ) 1625/2025/ധന/ 20.02.2025 നമ്പർ ഉത്തരവ് പ്രകാരം ലഭിച്ച വികസന ഫണ്ട് മൂന്നാം ഗഡുവിൽ പൊതുവിഭാഗം ഫണ്ടിൽ നിന്നും ₹1,88,240/- കുറവ് ചെയ്തിട്ടുണ്ട്. 2023-24 ൽ തനത് ഫണ്ട് ഡിമാന്റ് തുകയുടെ 90% പിരിവ് നടത്താതിരുന്നതിനാൽ ആണ് ഇപ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക

നഷ്ടമായിട്ടുള്ളത്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ തനതു ഫണ്ട് കൃത്യമായി യഥാ സമയം പിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ബി.18 ഷെഡ്യൂൾ പ്രകാരം താഴെ ചേർക്കുന്ന വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു.

| ക്രമ നം | കോഡ് | ശീർഷകം | തുക |
|---|---|---|---|
| 1 | 460100199 | Other Advances | ₹211070.00 |
| 2 | 460500501 | Advance To Implementing Officers | ₹32848.00 |
| 3 | 460500201 | Advance To Implementing Agencies - Deposit With Kerala Water Authority | ₹2474607.00 |
| 4 | 460500202 | Advance To Implementing Agencies - Deposit With Kerala Electricity Board | ₹1238395.00 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് (ക്രമ നം. 1 മുതൽ 2 വരെ ബാധകം)

എന്നാൽ മേൽ പരാമർശിത മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണവും മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ

പ്രസ്തുത വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകായറിഴ്ഷ് (നം.13/24.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

മുൻകൂർ തുകകൾ സമയബന്ധിതമായി ക്രമീകരിക്കേണ്ടതാണ്.

## 1-12 അമൃതം THRS- വാങ്ങൽ , ബില്ലുകളിൽ നിന്ന് ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ബിൽ തുകയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8.3.19 ലെ നം. ഡി.എ 1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സുപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണം പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ മൃദുല അമൃതം ഫുഡ് സപ്ലിമെന്റ് മൂവ്വാറ്റുപുഴ (GSTIN-32AADAM9504D1ZZ) എന്ന സ്ഥാപനത്തിന് തുക നൽകിയ ബില്ലുകളിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 10/25 അങ്കണവാടി പോഷകാഹാര വിതരണം |
| അടങ്കൽ | വികസന ഫണ്ട് – ₹400000/- |
| | കേന്ദ്ര വിഹിതം – ₹600000/- |
| | ബ്ലോക്ക് വിഹിതം – ₹500000/- |
| | |

| | |
|---|---|
| | ആകെ – ₹1500000/- |
| ചെലവ് | വികസന ഫണ്ട് – ₹311892/- |
| | കേന്ദ്ര വിഹിതം – ₹600000/- |
| | ബ്ലോക്ക് വിഹിതം – ₹179075/- |
| | ആകെ – ₹1090967/- |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ & തീയതി | തുക | ഇൻവോയിസ് നമ്പർ/ തീയതി | തുക (₹) |
|---|---|---|---|---|
| 1 | 96/13.09.24 | 229891 | 4/19.03.24 | 40676 |
| | | | 05/19.03.24 | 12118 |
| | | | 27/09.05.24 | 12568 |
| | | | 24/09.05.24 | 38217 |
| | | | 51/28.06.24 | 37323 |
| | | | 68/10.08.24 | 40230 |
| | | | 84/12.09.24 | 48759 |
| 2 | 119/18.10.24 | 36429 | 95/08.10.24 | 36429 |
| 3 | 178/11.12.24 | 36654 | 103/06.11.24 | 36654 |
| 4 | 326/10.03.25 | 36206 | 113/10.12.24 | 36206 |
| 5 | 281/11.02.25 | 32407 | 125/08.01.25 | 32407 |
| 6 | 327/10.03.25 | 32630 | 136/06.02.25 | 32630 |
| 7 | 532/11.03.25 | 32630 | 150/11.03.25 | 32630 |
| | | | ആകെ | 436847 |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 08/22.10.2025) സപ്ലൈയർ ജി എസ് ടി അടവാക്കിയ റിട്ടേണിന്റെ പകർപ്പ് ലഭ്യമാക്കുകയും ഭാവിയിൽ നികുതികൾ സ്രോതസ്സിൽനിന്നും കുറവ് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

ബിൽ തുക നൽകുന്നതിനുമുൻപ് നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 ജലസേചന പമ്പ് സെറ്റ് വിതരണം ബില്ലുകളിൽ നിന്ന് ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ബിൽ തുകയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ജലസേചന പമ്പ് സെറ്റ് വിതരണം എന്ന പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ അഗ്രോ ഹൈ ടെക് മാർക്കറ്റിംഗ് (GSTIN-32APAPG3247G1ZG) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റ പേര്, നം. | 59/25, ജലസേചന പമ്പ് സെറ്റ് വിതരണം |
|---|---|
| അടങ്കൽ | വികസന ഫണ്ട് ₹350000/- |
| | ഗുണഭോക്തൃ വിഹിതം ₹350000/- (നേരിട്ട് ചെലവഴിക്കുന്നത്) |
| | |

| | |
|---|---|
| | ആകെ ₹700000/- |
| ചെലവ് | വികസന ഫണ്ട് ₹350000/- |
| ബിൽ നം. തീയതി | 1) 379/15.03.25 ₹291180/-,<br>2)421/21.03.25 ₹58820/-<br>ആകെ ₹350000/- |
| ഇൻവോയ്സ് നം. | 1) 417/17.03.25 ₹582360/-,<br>2) 422/21.03.25 ₹117640/-<br>ആകെ ₹700000/- |

ജലസേചന പമ്പ് സെറ്റ് വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ അഗ്രോ ഹൈ ടെക് മാർക്കറ്റിംഗ് പെരുമ്പാവൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും, പ്രസ്തുത സ്ഥാപനത്തിൽന്നും പമ്പ് സെറ്റുകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്പ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 03/18.10.2025) ശ്രദ്ധക്കുറവ് കൊണ്ട് സംഭവിച്ചതാണെന്നും, ഭാവിയിൽ ആവർത്തിക്കില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

പ്രവൃത്തികളുടെ ബിൽ നൽകുന്നതിനുമുൻപ് നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-14 പ്ലാൻ ഫണ്ടുകൾ സമയ ബന്ധിതമായി ചെലവവഴിച്ചില്ല ₹10681146/- രൂപ നഷ്ടമായി**

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന് 2024-25 വർഷത്തിൽ വിവിധ പ്ലാൻ ഫണ്ടുകളിൽ അലോട്ട്മെന്റ് ലഭിച്ച തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തതുമൂലം ₹10681146/- പഞ്ചായത്തിന് നഷ്ടമായി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 18635760 | 17189030 | 1446730 |
| വികസന ഫണ്ട്(എസ്.സി.പി) | 4429000 | 3217706 | 1211294 |
| വികസന ഫണ്ട്(ടി.എസ്.പി) | 21000 | 16134 | 4866 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 34139000 | 26812096 | 7326904 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 4660000 | 3968648 | 691352 |
| | | ആകെ | 10681146 |

പ്ലാൻ ഫണ്ടുകൾ അതേ സാമ്പത്തിക വർഷം തന്നെ ചെലവഴിച്ചില്ലെങ്കിൽ സാമ്പത്തിക വർഷാവസാനം സർക്കാർ തുക തിരിച്ചെടുക്കുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഉണ്ടായിരുന്നിട്ടും അവ സമയബന്ധിതമായി ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 02/18.10.2025) വികസന ഫണ്ട് ഉപയോഗിച്ച് കളിസ്ഥലത്തിന് ഭൂമി വാങ്ങുന്നതിന് പ്രോജക്ട് രൂപീകരിച്ചുവെങ്കിലും റവന്യു വകുപ്പിൽനിന്നും മൂല്യനിർണ്ണയം കുറഞ്ഞതിനാൽ ഉടമസ്ഥൻ ഭൂമി നൽകുന്നതിന് തയ്യാറായില്ല എന്നും ആയതിനാൽ ₹5000000/- യുടെ പ്രോജക്ട് ഉപേക്ഷിക്കേണ്ടിവന്നും

എന്നും, റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ആവശ്യമായ സമയം ലഭിച്ചില്ല എന്നും, ഭാവിയിൽ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വയോജനങ്ങൾക്ക് കട്ടിൽ - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് രൂപീകരിക്കുകയും 06.11.2024 ICDS/110/24 നം പ്രകാരം ടെണ്ടർ ക്ഷണിക്കുകയും, 5 പേർ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പ്രൊജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ നം, പേര് | 15/25 വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | ₹326250/- –വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹326250/- |
| ബിൽ നം. | 347/11.03.25- ₹326250/- |
| സപ്ലെയർ | KPM എന്റർപ്രൈസസ് ചെർപ്പുളശ്ശേരി |

ഗ്രാമ പഞ്ചായത്ത് ടെണ്ടറിൽ ആവശ്യപ്പെട്ട കട്ടിലിന്റെ സ്പെസിഫിക്കേഷൻ 1.98 Cm നീളം 90 Cm വീതി 8mm ഘനം മെറ്റീരിയൽ-സ്റ്റീൽ/ മരം എന്നതാണ്. എല്ലാ സ്ഥാപനങ്ങളും സ്പെസിഫിക്കേഷൻ പ്രകാരമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടറിൽ ഏറ്റവും

കുറവ് നിരക്ക് സമർപ്പിച്ചത് ഒളിമ്പിയ ഇന്റീരിയർ എന്റർപ്രൈസസ്, തിരുവാർപ്പ്, കോട്ടയം എന്ന സ്ഥാപനമായിരുന്നു. 04.12.2024 ലെ 3(1) നം തീരുമാന പ്രകാരം കട്ടിൽ സ്റ്റീലിൽ നിർമ്മിച്ചതാണെങ്കിൽ നല്ലതായിരിക്കും എന്ന് രേഖപ്പെടുത്തി സാമ്പിൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഐ സി ഡി എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തി. 23.01.2025ലെ 3(2) നം തീരുമാനപ്രകാരം സാമ്പിൾ പരിശോധിച്ചതിൽ കൂടുതൽ നല്ലതാണെന്ന് അഭിപ്രായപ്പെട്ട KPM എന്റർപ്രൈസസ് ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന്റെ ₹3670/- വിലവരുന്ന മഹാഗണി/അക്കേഷ്യ മരത്തിന്റെ കട്ടിൽ വാങ്ങുന്നതിന് തീരുമാനിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. KPM എന്റർപ്രൈസസ് ചെർപ്പുളശ്ശേരി, ഒളിമ്പിയ ഇന്റീരിയർ എന്റർപ്രൈസസ് തിരുവാർപ്പ് കോട്ടയം എന്നിവർ സമർപ്പിച്ച നിരക്കുകൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഇനം | നിരക്ക് |
|---|---|---|
| KPM എന്റർപ്രൈസസ് ചെർപ്പുളശ്ശേരി, | മഹാഗണി/അക്കേഷ്യ<br>ഫുൾ മഹാഗണി<br>സ്റ്റിൽ കട്ടിൽ 8mm പ്ലൈവുഡ്<br>ഫുൾ സ്റ്റീൽ | 3670<br>3940<br>3940<br>4290 |
| ഒളിമ്പിയ ഇന്റീരിയർ എന്റർപ്രൈസസ് തിരുവാർപ്പ് കോട്ടയം | ആഞ്ഞിലി / മഹാഗണി 1 വർഷം വാറന്റി<br>ആഞ്ഞിലി / മഹാഗണി 2വർഷം വാറന്റി<br>ആഞ്ഞിലി / മഹാഗണി 3വർഷം വാറന്റി<br>സ്റ്റീൽ കട്ടിൽ | 2900<br>3250<br>3900<br>4000 |

ടെണ്ടർ സ്പെസിഫിക്കേഷനിൽ സാമ്പിൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നില്ല. കട്ടിലിന്റെ ഗുണനിലവാരം പരിശോധിച്ച സാങ്കേതിക വിദഗ്ദന്റെ റിപ്പോർട്ട് ഇല്ല. കട്ടിൽ സ്റ്റീലിൽ നിർമ്മിച്ചതാണെങ്കിൽ നല്ലതായിരിക്കും എന്ന ഭരണസമിതി നിർദ്ദേശവും പരിഗണിച്ചിട്ടില്ല.

സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച 14-ാം പഞ്ചവത്സര പദ്ധതി യുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.20 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.

ടെണ്ടർ സ്പെസിഫിക്കേഷനിൽ പറയാത്ത യാതൊരു കാരണങ്ങളും ചൂണ്ടിക്കാണിച്ച് കുറവ് നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കാൻ പാടുള്ളതല്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.07/22.10.25) ഒളിമ്പിയ ഇന്റീരിയർ എന്റർപ്രൈസസ് തിരുവാർപ്പ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ സാമ്പിൾ ഗുണനിലവാരം ഇല്ലാത്തതും, KPM എന്റർപ്രൈസസ് ചെർപ്പുളശ്ശേരി, എന്ന സ്ഥാപനത്തിന്റെ കട്ടിൽ പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ച് ഗുണനിലവാരം ബോധ്യപ്പെട്ടതിനാലാണ് വാങ്ങിയതെന്നും മറുപടി നൽകിയിട്ടുണ്ട്.

## ഓഡിറ്റ് നിർദ്ദേശം

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ കർശനമായി പാലിച്ചുകൊണ്ട് ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ലൈഫ് ഭവന നിർമ്മാണം-സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ താഴെ പറയുന്ന പ്രകാരം ലൈഫ് ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 118/25 ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) (സ്പിൽ ഓവർ) | 1316800 | 116800 |
| 2 | 95/25ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) | 8052470 | 1271470 |
| 3 | 69/25 ലൈഫ് ഭവന നിർമ്മാണം ജനറൽ | 24170000 | 10063016 |

പ്രസ്തുത പ്രോജക്ടുകളിൽ കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ, രജിസ്റ്റർ എന്നിവ പരിശോധനക്ക് വിധേയമാക്കിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് വിലാസം /കരാർ നം.തീയതി | അക്കൗണ്ട് നം | കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | സുജാമണി രാജൻ, മുക്കണ്ടാശ്ശേരിയിൽ, അയ്യമ്പുഴ, | 33322932900 | 200000 | 120000/19.10.23 |

| | | | | |
|---|---|---|---|---|
| | 23.03.2023 | | | |
| 2 | പൗലോസ് പൂണാച്ചി, അയ്യമ്പുഴ, 29.03.2023 | 16430100195475 | 40000 | 40000/26.05.23 |
| 3 | സൂര്യ രാജീവ്, കല്ലറയ്ക്കൽ, അയ്യമ്പുഴ, 03.10.2023 | 20186994635 | 300000 | 40000/13.03.25 |
| 4 | ദിവാകരൻ വല്ലാർമാലി, കണ്ണിമംഗലം, 20.02.2024 | 40605101005419 | 40000 | 40000/28.06.24 |
| 5 | അന്നം അഗസ്റ്റി, പള്ളിപ്പാട്ടുപറമ്പിൽ, അയ്യമ്പുഴ, 20.02.2024 | 33089736191 | 40000 | 40000/28.06.24 |
| 6 | ശ്യാമിലി ആച്ചാണ്ടി, അയ്യമ്പുഴ, 20.02.2024 | 40605101018228 | 340000 | 40000/03.03.25 |
| 7 | ഷിജി ഷൈജു കൈതാത്ത, ചാത്തക്കുളം, 29.02.2024 | 31806068566 | 300000 | 40000/05.02.25 |
| 8 | ഷൈബി സിജു കാഞ്ഞിലക്കാടൻ, ചുള്ളി, | 40605101024265 | 40000 | 40000/12.12.24 |

| | | | | |
|---|---|---|---|---|
| | 08.07.2024 | | | |
| 9 | സിനി എകെ കാടുങ്കുറ്റിക്കാരൻ, കൊല്ലക്കോട്, 29.12.2022 | 0674053000007194 | 354492 | 100000/26.05.24 |
| 10 | ബിന്ദു പുഴക്കാവുങ്കൽ, 30.01.2023 | 67291137003 | 40000 | 40000/25.02.23 |
| 11 | ബിജി മുകേഷ്, കുമ്പളത്ത്, 31.03.2023 | 92710100002037 | 40000 | 40000/26.05.23 |
| 12 | സൗമ്യ ബൈജു, വാടോപ്പിള്ളി , അയ്യമ്പുഴ, 29.02.2024 | 0791053000001133 | 40000 | 40000/26.03.24 |
| 13 | അജി പി കെ, പോട്ടുവീട്ടിൽ, അയ്യമ്പുഴ | ലഭ്യമല്ല | 40000 | 40000/29.03.23 |
| 14 | ഗോവിന്ദപ്പിള്ള, ഊണപ്പാറയിൽ, അയ്യമ്പുഴ | ലഭ്യമല്ല | 40000 | 40000/15.11.23 |

ഗുണഭോക്താക്കൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനും, അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 09/22.10.25) പണി പൂർത്തീകരിക്കുന്നതിനും അല്ലാത്തപക്ഷം തുക തിരിച്ചടയ്ക്കുന്നതിന് ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയിരുന്നുവെന്നും, ക്രമ നം. 1,3,4,5,6,7,8,9 എന്നിവർ

പ്രവൃത്തി വീണ്ടും ആരംഭിച്ചിട്ടുണ്ടെന്നും, ക്രമ നം. 2 ഗുണഭോക്താവ് മരണപ്പെട്ടെന്നും, മറ്റുള്ളവർ സാമ്പത്തിക പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് പൂർത്തീകരിച്ചിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഡൈനിംഗ് ഹാൾ പൂർത്തികരണം - ഗവ. സ്കൂൾ ചുള്ളി – പ്രവൃത്തി നിരക്ക് നൽകിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം. | 166/25 |
| പ്രവൃത്തി | ഡൈനിംഗ് ഹാൾ പൂർത്തീകരണം - ഗവ. സ്കൂൾ ചുള്ളി |
| കരാറുകാരൻ - | ബെന്നി അബ്രാഹം |
| എസ്റ്റിമേറ്റ് - | ₹11,00,000/ |
| ചെലവ് തുക | ₹7,87,631 - ബിൽ നം. 421, 12/1/25 |
| ഫണ്ട് | സി എഫ് സി |
| നിർവഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് എൻജിനിയർ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഗവ. സ്കൂൾ ചുള്ളി ഡൈനിംഗ് ഹാൾ പൂർത്തീകരിക്കുകയാണ്. ഈ പ്രവൃത്തിയിൽ ഗ്രില്ല് വർക്ക് ചെയ്യുന്നതിന് ഡാറ്റ ഐറ്റം നം. 9.48.1 – Providing And Fixing M.S Grill For Required Pattern--- Fixed To Steel Windows By Welding പ്രകാരം 1549.555 Kg X 194.59/Kg = ₹3,01,528/- വകയിരുത്തിയിരുന്നു.

എം. ബുക്ക് പ്രകാരം ഈ പ്രവൃത്തി ചെയ്തതിന് 1549.807 Kg X 186.24/Kg = ₹2,88,863/- നൽകി. ഗ്രില്ല് വർക്കിന് ഉപയോഗിച്ച ഫ്രയിം വർക്ക് "Structural Steel Work In Single Section" – ആയതിനാൽ ഇതിന് നൽകാവുന്ന ഇനം 10.1 പ്രകാരമുള്ള Rs. 101.27/$M^3$ മാത്രമാണ്. ആയതിനാൽ ഈ പ്രവൃത്തിയുടെ അളവ് കണക്കാക്കി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി 11/24-10-25 – നുള്ള മറുപടിയിൽ ഈ പ്രവൃത്തി ചെയ്തത് 3.10 മീറ്റർ ഉയരത്തിലാണ് എന്നും ആയതിനാൽ കൂടുതൽ ലേബർ ആവശ്യമായി എന്നും അതുകൊണ്ടാണ് ഇനം 9.48.1 നൽകിയത് എന്ന് അറിയിച്ചു. മറുപടി അംഗീകരിക്കുന്നില്ല. ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞ പ്രകാരം അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## 1-18 MCF ൽ കുഴൽക്കിണർ നിർമ്മാണം-ഡെപ്പോസിറ്റ് ചെയ്ത തുകയുടെ ബാലൻസ് തിരികെ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 235/25 MCF ൽ കുഴൽക്കിണർ നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | ₹1,65,000/- (സി.എഫ്.സി ഗ്രാന്റ്-ബേസിക് ഗ്രാന്റ്) |
| ആകെ ചെലവഴിച്ച തുക | ₹60,457/- (ബിൽ നം 470/26.03.2025- ₹52,000/- & ബിൽ നം 484/31.03.2025- ₹8,457/- ) |

പഞ്ചായത്തിലെ എം.സി.ഫ് കെട്ടിടത്തിനോടനുബന്ധിച്ച് കുഴൽക്കിണർ നിർമ്മിച്ച് വാട്ടർ കണക്ഷൻ എടുക്കുന്നതിനുള്ള പ്രോജക്റ്റാണിത്. കുഴൽക്കിണർ നിർമ്മാണത്തിനായി ₹52,000/- യുടെ എസ്റ്റിമേറ്റ് ഭൂജലവകുപ്പ് എറണാകുളം ജില്ലാ ഓഫീസറുടെ 17.03.2025ലെ GWE/418/25 നമ്പർ കത്തിനോടൊപ്പം ലഭ്യമായതനുസരിച്ച് തുക അടവാക്കിയിട്ടുണ്ട്.

കുഴൽക്കിണർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും, ₹30,550/- ചെലവഴിച്ചിട്ടുള്ളതായും ഭൂജലവകുപ്പ് എറണാകുളം ജില്ലാ ഓഫീസറുടെ 10.10.2025ലെ GWE/418/25 നമ്പർ കത്തിൽ അറിയിച്ചതനുസരിച്ച് ബാലൻസ് തുകയായ ₹21,450/- തിരികെ അടവാക്കാൻ സെക്രട്ടറി കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. തുക തിരികെ ലഭിച്ചെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നും, കുഴൽക്കിണർ നിർമ്മിച്ചിരിക്കെ ₹8457/- KWAക്ക് നൽകി. പുതിയ വാട്ടർ കണക്ഷന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണെന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 5/22-10-25) തുക റീഫണ്ട് ചെയ്യുന്നതിന് കത്ത് നൽകിയെങ്കിലും, തുക കൈമാറിയിട്ടില്ലെന്നും, തിരിച്ചടവ് ഉറപ്പുവരുത്തുന്നതാണെന്നും അറിയിച്ചു. കുടിവെള്ള ക്ഷാമം രൂക്ഷമായതിനാലും, കുഴൽക്കിണറിലെ വെള്ളത്തിന് ലവണാംശവും, സാന്ദ്രതയും കൂടുതലുള്ളതിനാലുമാണ് വാട്ടർ കണക്ഷൻ കൂടി എടുത്തിട്ടുള്ളതെന്നും അറിയിച്ചു. മറുപടി അംഗീകരിക്കുന്നു. ₹21,450/- യുടെ തിരിച്ചടവ് വിവരം അറിയിക്കേണ്ടതാണ്.

**1-19 വിവിധ വാർഡുകളിലെ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കൽ-ചെലവുതുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ് 187/25 -വിവിധ വാർഡുകളിലെ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | ₹ 1,17,000/- (വികസനഫണ്ട്- ജനറൽ) |
| ആകെ ചെലവഴിച്ച തുക | ₹ 1,17,000/- (ബിൽ നം. 362/12.03.2025) |

പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും നടത്തിയ സംയുക്ത പരിശോധനയിൽ 36 പൊതു ടാപ്പുകൾ ഉപയോഗശൂന്യമാണെന്ന് കാണുകയും, 05.07.2024 ലെ 3(1) നമ്പർ യോഗതീരുമാനപ്രകാരം അവ നീക്കം ചെയ്യാൻ വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനമെടുത്തിട്ടുണ്ട്. അതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ആവശ്യപ്പെട്ടതനുസരിച്ച് കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ ആലുവയിൽ നിന്നും ₹1,17,000/-യുടെ എസ്റ്റിമേറ്റ് എ3/15834/2024 തീയതി 25.09.2024 നമ്പർ കത്ത് പ്രകാരം ലഭ്യമായിരുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ ₹1,17,000/- മേൽപ്രകാരം വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

സെക്രട്ടറിയുടെ 19/03/25 SC1/4575/23 നമ്പർ കത്തിൽ പ്രവൃത്തി പൂർത്തിയാക്കി സ്ട്രീറ്റ് ടാപ്പ് ബില്ലിൽ അത്രയും ടാപ്പുകളുടെ എണ്ണം കുറവ് വരുത്തണമെന്നും, ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തുടർ നടപടികളുടെ വിവരം ലഭ്യമല്ല. പ്രോജക്റ്റിന്റെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/21.10.2025) നിലവിൽ ലഭിക്കുന്ന കുടിവെള്ളക്കര ബിൽ പ്രകാരം ടാപ്പുകളുടെ എണ്ണം 33 മാത്രമാണെന്നും, ആയത് മുൻപുണ്ടായിരുന്നതിനേക്കാൾ 36 എണ്ണം കുറവാണെന്നും, ആയതിനാൽ ടാപ്പുകൾ നീക്കം ചെയ്തിട്ടുള്ളതാണെന്നും, എന്നാൽ ധനവിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ലെന്നും അറിയിച്ചു. മേൽ പ്രവൃത്തിക്കായി അടവാക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹117000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## <u>1-20 അയ്യങ്കാളി സാംസ്കാരിക നിലയം വാട്ടർ കണക്ഷൻ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല</u>

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ് 192/25- അയ്യങ്കാളി സാംസ്കാരിക നിലയം വാട്ടർ കണക്ഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | ₹ 3,00,000/- ( വികസനഫണ്ട്-എസ്.സി.പി) |
| ആകെ ചെലവഴിച്ച തുക | ₹ 1,90,000/-(ബിൽ നം 409/20.03.2025) |

അയ്യങ്കാളി സാംസ്കാരിക നിലയത്തിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ച് വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റാണിത്. ആയതിലേക്ക് വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്ററിമേറ്റ് പ്രകാരമുള്ള ₹1,90,000/- മേൽ പ്രകാരം അടവാക്കിയിട്ടുണ്ട്. നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചതിനാൽ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് 15-10-2025 ലെ SC-2825/24 നമ്പർ കത്ത് പ്രകാരം സെക്രട്ടറി വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി വിവരം അറിയിക്കുന്നത് വരെ ഈ ഇനത്തിലെ 1,90,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-21 കുടിവെള്ളക്കരം വലിയ കുടിശ്ശിക നിലനിൽക്കുന്നു.</u>

2025 ഒക്ടോബർ മാസത്തെ കുടിവെള്ളക്കര ബിൽ പ്രകാരം അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം 33 മാത്രമാണ്, അതനുസരിച്ചുള്ള പ്രതിമാസ ബിൽത്തുക ₹40,037/-ആണ് വരുന്നത്. എന്നാൽ ഈ ബിൽ പ്രകാരം കുടിവെള്ളക്കരമിനത്തിൽ ₹69,56,625/- കുടിശ്ശികയുള്ളതിനാൽ പലിശയിനത്തിൽ വലിയ ബാധ്യത വന്നുകൊണ്ടിരിക്കുന്നു. തനതുവരുമാനം പൊതുവെ കുറഞ്ഞ പഞ്ചായത്തായതിനാലും, പഞ്ചായത്ത് നടത്തിവരുന്ന മൂലേപ്പാറ കുടിവെള്ള പദ്ധതിയുടെ വെള്ളക്കരം വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്നതിനാലും വർഷങ്ങളായി പ്രതിമാസ വെള്ളക്കരം പഞ്ചായത്ത് അടവാക്കുന്നില്ല. മൂലേപ്പാറ കുടിവെള്ളപദ്ധതിയുടെ കറന്റ് ചാർജ്ജും, പമ്പ് ഓപ്പറേറ്ററുടെ വേതനവും, മറ്റ്

മെയിന്റനൻസ് ചാർജ്ജുകളും പഞ്ചായത്താണ് വഹിക്കുന്നത്. എന്നാൽ ഇതിൽ നിന്നം കുടിവെള്ളക്കണക്ഷൻ ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾ കുടിവെള്ളക്കരം അടവാക്കുന്നത് വാട്ടർ അതോറിറ്റിക്കാണ്. മൂലേപ്പാറ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും മെയിന്റനൻസും വാട്ടർ അതോറിറ്റിയോട് ഏറ്റെടുക്കാൻ പലതവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അക്കാര്യം നടപ്പിലായിട്ടില്ല. ഈ പദ്ധതിയുടെ നടത്തിപ്പു ചെലവ് പൊതുടാപ്പുകളുടെ വെള്ളക്കരത്തിൽ കുറവു വരുത്തണമെന്നും പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അനുകൂല നടപടിയൊന്നും ഉണ്ടായിട്ടില്ല.

കുടിശ്ശിക കൂടിനിൽക്കുന്നതിനാൽ പലിശ ബാധ്യത വർദ്ധിക്കുന്നതിനാൽ കുടിശ്ശിക ഇനിയും ഉയർന്നുകൊണ്ടിരിക്കും . CFC – Basic Grantന്റെ വിനിയോഗിക്കാത്ത തുക പൊതുടാപ്പുകളുടെ വെള്ളക്കരക്കുടിശ്ശികയിനത്തിൽ അതോറിറ്റിക്ക് കൈമാറിക്കൊണ്ട് 30.08.2025 ലെ GO(Rt) No 7034/2025/Fin പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ ₹32,18,558/- അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ കുടിശ്ശികയിനത്തിലുള്ളതാണ്. ഇത്രയും തുക വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളതിന്റെ വിവരം യഥാവിധി ബോധ്യപ്പെടുത്തി പഞ്ചായത്തിന്റെ കുടിശ്ശിക കണക്ക് പുനക്രമീകരിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

കുടിവെള്ളക്കരം കുടിശ്ശിക രഹിതമാക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 ഹെൽത്ത് ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക്

നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗ്ഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ മൂന്ന് സ്കീമുകളിലായിട്ടാണ് അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

**1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | 320100202-സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(I) സബ് സെന്ററേഴ്സ് | - | *2,08,161*<br>*2778*<br>*(പലിശ)*<br>-------------<br>*210939* | *6,84,000*<br>*7475*<br>*(പലിശ)*<br>---------------<br>*691475* | *2,86,000*<br>*4,634*<br>*(പലിശ)*<br>------------<br>*290634* |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(Ii) പി.എച്ച്.സി. | - | - | - | - |

| | | | | | |
|---|---|---|---|---|---|
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | 320100203-ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | *27,75,000*<br>*30,500 (പലിശ)*<br>---------------<br>*2805500* | *95,907 (പലിശ)* |
| 4 | 320100204-കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്ററർ. | - | 80,000<br>1,142 (പലിശ)<br>-------------<br>81142 | 3,01,000/-<br>4,427/- (പലിശ)<br>----------------<br>305427 | 4,79,000/-<br>4,953 (പലിശ)<br>------------<br>483953 |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. ആവശ്യത്തിനായി ലഭിച്ച ഗ്രാന്റ് തെറ്റായി 320100203 എന്ന ഹെഡിലാണ് കണക്കിലെടുത്തിട്ടുള്ളത്. ആയതിനാൽ മേൽ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 2. <u>നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.</u>

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | 320100202-സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(Ii) പി.എച്ച്.സി. | - | *2,08,160* | *5,30,559* | *1,53,441* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | 320100203-ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | *193088* | - |
| 4 | 320100204-കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | 3950 | 0 | *1,83,962* |

## ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

320100202-സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.

(Ii) പി.എച്ച്.സി.

| പ്രോജക്ട് | ചെലവ് |
|---|---|
| | |

| | 2022-23 ₹ | 2023-24 ₹ | 2024-25 ₹ |
|---|---|---|---|
| എസ്. 196/23- എഫ്.എച്ച്.സി യിലേക്ക് ലാബ് റീഏജന്റുകൾ വാങ്ങൽ | 2,08,160 | 0 | 0 |
| എസ്.242/24- ആരോഗ്യസ്ഥാപനത്തിലേക്ക് രോഗനിർണ്ണയമസൗകര്യങ്ങൾ ഏർപ്പെടുത്തൽ | 0 | *5,30,559* | 0 |
| എസ്.211/25- ആരോഗ്യസ്ഥാപനത്തിലേക്ക് രോഗനിർണ്ണയമസൗകര്യങ്ങൾ ഏർപ്പെടുത്തൽ | 0 | 0 | 1,53,441 |
| 320100203-ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | | | |
| - | - | - | - |
| 320100204-കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | | |
| 197/23- ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ. | 3,950 | | 0 |
| 208/24- ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ. | 0 | *76,050* | 0 |
| എസ്.ഒ.243/24- കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 0 | 1,17,038 | 0 |
| എസ്.210/25- കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 0 | 0 | *1,83,962* |

**3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.**

ഇല്ല

**4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)**

| | 320100202-സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.(Ii) പി.എച്ച്.സി. Canara Bank Angamaly A/C No. 110042522863 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. Canara Bank Angamaly A/C No. 110042523018 | 320100204-കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്ററർ. Canara Bank Angamaly A/C No. 110042522980 |
|---|---|---|---|
| മുന്നിരുപ്പ് | 1,63,695 | 28,05,500 | 1,89,531 |
| വരവ് (പലിശ ഉൾപ്പെടെ) | 2,90,634 | 95,097 | 4,83,953 |
| ആകെ | 4,54,329 | 29,00,597 | 6,73,484 |
| ചെലവ് | 1,53,441 | 0 | 1,83,962 |
| നീക്കിയിരുപ്പ് | 3,00,888 | 29,00,597* | 4,89,522* |

*വാർഷിക കണക്കിലെ ബന്ധപ്പെട്ട ശീർഷകത്തിൽ കണക്കിലെടുക്കാത്തതിനാൽ 320100203, 320100204 എന്നീ ഹെഡുകളിലെ കണക്കുകൾ പരസ്പരം മാറിയിട്ടുണ്ട്.

## 1-23 ജൽ ജീവൻ പദ്ധതി - അവലോകനം.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

**ജൽജീവൻ മിഷൻ - കേരളം**

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകിക്കൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15%

തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

**<u>നിർവ്വഹണ സഹായ ഏജൻസി.</u>**

ജൽജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. **അയ്യമ്പുഴ** ഗ്രാമപഞ്ചായത്തിൽ ജെ.ജെ.എം. പദ്ധതിയുടെ നിർവ്വഹണ സഹായ ഏജൻസിയായി നിശ്ചയിച്ച സ്ഥാപനം ഏതെന്നോ, പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷികരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള രേഖകൾ, ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ, സ്ഥാപന വിഹിതവും ഗുണഭോക്തൃ വിഹിതവും അടവാക്കിയതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/18.10.2025) 2020-21 വർഷത്തിൽ ₹150000/- വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട് എന്നും തുടർ വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം തുക നൽകിയിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങളുടെ വിവരം ഫയലിൽ ലഭ്യമല്ല. ജലജീവൻ പദ്ധതി നടത്തിപ്പിലേക്കായി അടവാക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതവും ഗുണഭോക്തൃവിഹിതവും ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടില്ല.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം/ അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).**

| ഓഡിറ്റ് വർഷത്തെ | മെഡിസെപ് പ്രീമിയം | മെഡിസെപ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്ക്സ് |
|---|---|---|---|---|

| ജീവനക്കാരുടെ എണ്ണം | ഇനത്തിൽ ഈടാക്കിയ തുക (₹) | ഇനത്തിൽ ഒടുക്കിയ തുക (₹) | നിൽക്കുന്ന തുക (₹) | |
|---|---|---|---|---|
| 14 | 85500 | 92000 | 5500 | മുൻവർഷം ഒടുക്കാൻ അവശേഷിക്കുന്ന ₹12000/- രൂപയിൽ ₹5000/- തൻവർഷം അടവാക്കിയിട്ടുണ്ട്, നീക്കിയിരുപ്പിൽ ₹5500/- അവശേഷിക്കുന്നു. |

**<u>2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).</u>**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | കുടിശ്ശിക ഉൾപ്പെടെ) | | | |
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | | | |
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ 31.03.25 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-2025 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 50000 | 28/25 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 50000 | 0 |
| | 2024-25 | 267810 | 11/25 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 267810 | 0 |
| | 2024-25 | 179075 | 10/25 അങ്കണവാടി പോഷകാഹാരം | 179075 | 0 |

| | | | | | |
|---|---|---|---|---|---|
| | 2024-25 | 101139 | 120/25 അങ്കണവാടി പോഷകാഹാരം | 101139 | 0 |
| | 2024-25 | 16800 | 118/25 ലൈഫ് ഭവനം പട്ടികജാതി | 16800 | 0 |
| | 2024-25 | 150000 | 95/25 ലൈഫ് ഭവനം പട്ടികജാതി | 150000 | 0 |
| | 2024-25 | 500000 | 69/25 ലൈഫ് ഭവനം ജനറൽ | 500000 | 0 |
| | 2024-25 | 37500 | 214/25 അതി ദാരിദ്ര്യം വീട് മെയിന്റനൻസ് | 37500 | 0 |
| | 2024-25 | 125000 | 26/25 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 125000 | 0 |
| | 2024-25 | 125000 | 116/25 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 125000 | 0 |
| | **ആകെ** | **1552324** | | **1552324** | **0** |
| എറണാംകുളം ജില്ലാ പഞ്ചായത്ത് | 2024-25 | 350000 | 28/25 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 350000 | 0 |
| | 2024-25 | 200000 | 98/25 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2024-25 | 53047 | 122/25 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 53047 | 0 |
| | 2024-25 | 80720 | 11/25 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 80720 | 0 |
| | 2024-25 | 1600000 | 94/25 ലൈഫ് ഭവനം ജനറൽ | 1600000 | 0 |
| | 2024-25 | 80000 | 95/25 ലൈഫ് ഭവനം പട്ടികജാതി | 80000 | 0 |
| | 2024-25 | 1540754 | 69/25 ലൈഫ് ഭവനം ജനറൽ | 1540754 | 0 |
| | 2024-25 | 5500 | 115/25 ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം | 5500 | 0 |
| | 2024-25 | 45000 | 26/25 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 45000 | 0 |
| | ആകെ | **3955021** | | **3955021** | **0** |

## 4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 24-25 | കേരള വാട്ടർ അതോറിറ്റി | അയ്യങ്കാളി സാംസ്കാരിക നിലയത്തിലേക്ക് വാട്ടർ കണക്ഷൻ എസ് 192/25) | 409/21-03-2025 | ₹1,90,000/- | 0 | ₹1,90,000/-* |

* മുൻകൂർ നൽകിയ തുക 460500201 – Deposit With Kerala Water Authority എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകുമ്പോൾ മുൻകൂർ ഹെഡിൽ ആദ്യം തുക രേഖപ്പെടുത്തേണ്ടതും, വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് തുക ക്രമീകരിക്കേണ്ടതുമാണ്.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വായ്പയെടുത്ത തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് KURDFC വായ്പ | സ.ഉ(സാധാ.) 124/18, ത.സ്വ.ഭ.വ, 11.09.2018 | 14435856 | 3664722 | 18100578 | 1444048 | | 16656530 |

വികസന ഫണ്ടിന്റെ (ജനറൽ, എസ്.സി.പി, ടി.എസ്.ടി) സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക.

249/25 ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് (എസ് സി പി) ₹112456/-

251/25 ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് (എസ് സി പി) ₹137523/-

248/25 ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് ജനറൽ ₹602448/-

250/25 ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് ജനറൽ ₹577621/-

252/25 ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് (ടി എസ് പി) ₹7000/-

253/25 ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് (ടി എസ് പി) ₹7000/-

ആകെ – ₹1444048/-

## **4-7 സ്ഥിര നിക്ഷേപങ്ങൾ.**

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല, ലൈഫ് ഭവന പദ്ധതി ഗുണഭോക്താവ് കൈപ്പറ്റിയ ₹40000/- പലിശ സഹിതം തിരിച്ചടവാക്കിയത് RP 10-Other Income(R) എന്ന ശീർഷകത്തിൽ ₹46800/- വരവ് ആയി രേഖപ്പെടുത്തിയതാണ്.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **23-** വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 & 2015-16 | 2-1, 2-2(A), 2-2(B) | 2016-17 | 2-2, 2-1 | തൊഴിൽ നികുതി, വസ്തു നികുതി | 2-2(A) BSNL ന്റെ കത്ത് ലഭ്യമാക്കിയിട്ടുണ്ട് ബാക്കി പരാമർശങ്ങളിൽ തുക ഒടുക്കിയിട്ടുണ്ട്. |

## 4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | ₹43274146.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | ₹36802801.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹307000.00 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

**ഇല്ല**

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും |
|---|---|---|
| 1-19 | 117000 | ശ്രീമതി സന്ധ്യ കെ. എൻ, സെക്രട്ടറി |
| 1-20 | 190000 | -ടി- |
| ആകെ | 307000 | |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

**ഇല്ല**

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും, ഉദ്യോഗപേരും | ഓഡിറ്റ് നടന്ന സമയത്തെ ഓദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സന്ധ്യ കെ എൻ, സെക്രട്ടറി | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | കുരുംകാട്ടിൽ വീട്, എരൂർ വെസ്റ്റ് പി ഒ, തൃപ്പുണിത്തുറ, 682306 |

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(1), തീയതി 04.07.19 |
| 1997-98 | 12 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(2), തീയതി 04.07.19 |
| 1998-99 | 9 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(3), തീയതി 04.07.19 |

| | | |
|---|---|---|
| 1999-2000 | 2 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(4), തീയതി 04.07.19 |
| 2000-01 (ചെലവ്) | 3 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(5), തീയതി 04.07.19 |
| 2001-02 (ചെലവ്) | - | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6), തീയതി 04.07.19 |
| 2001-2002 (വരവ്) | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6), തീയതി 04.07.19 |
| 2002-03 | 4 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(7), തീയതി 04.07.19 |
| 2003-04 | 11 | |
| 2004-05 | 2 | |
| 2005-06 | 5 | |
| 2006-07 | 13 | |
| 2007-08, 2008-09, 2009-10& 2010-11 | 13 | |
| 2011-12 | 5 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(8), തീയതി 04.07.19 |
| 2012-13 & 2013-14 | 3 | കെ.എസ്.എ.-ഇ.കെ.എം(പി4)1211/2019(9), തീയതി 04.07.19 |
| 2014-15 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4)1211/2019(10), തീയതി 04.07.19 |
| 2015-16 | 3 | |
| 2016-17 | 6 | |

| | | |
|---|---|---|
| 2017-18 | 14 | കെ.എസ്.എ.-ഇ.കെ.എം(പി4) 297/2019/01.03.2019 |
| 2018-19 | 14 | കെ.എസ്.എ.-ഇ.കെ.എം(പി4)218/2020/07.03.2020/12.03.2020 |
| 2019-20 | 25 | കെ.എസ്.എ.-ഇ.കെ.എം(പി4) 121/2022/6.7.22 |
| 2020-21 | 29 | കെ.എസ്.എ.-ഇ.കെ.എം(പി4) 122/2022/6.7.22 |
| 2021-22 | 20 | കെ.എസ്.എ.-ഇ.കെ.എം(പി4) 147/2023/04.04.23 |
| 2022-23 | 18 | കെ.എസ്.എ.-ഇ.കെ.എം(പി4) 1612/2023/13.12.23 |
| 2023-24 | | കെ.എസ്.എ.-ഇ.കെ.എം(പി4) 1780/2024 / 26.12.2024 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 02-07-2025 and submitted on 26-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Ayyampuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial

Statements give a true and fair view of financial result for the year 2024-2025 and Financial position of Ayyampuzha Grama Panchayat as on 31-03-2025

**Date: 11/12/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Ayyampuzha Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1)Non Inclusion of notes to accounts and non disclosure of material facts.
2) Cash flow statement net increase / decrease in cash flow does not match with difference between opening and closing balance.
3) "Since the asset details have not been updated, it has not been possible to ensure the accuracy of the values shown under Balance Sheet Schedule B-11 Fixed Assets, B-11(a) Accumulated Depreciation, and B-11(e) Capital Expenses (Infrastructure Sector)."
4) Health Grant The amount alloted for health grant under the head 320100203 wrongly booked under the head 320100204 and viceversa. Hence the amount recorded under these heads are inaccurate.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്